മുനിസിപ്പാലിറ്റികളിലേക്കും കോർപ്പറേഷനുകളിലേക്കുമുള്ള നിയമനങ്ങൾ

33. [263] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിപ്പാലിറ്റികളിലേക്കും കോർപ്പറേഷനുകളിലേക്കും നിയമനത്തിനു് ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമമെന്തു്;

(ബി) കോമൺ കേഡർ നടപ്പിൽ വരുത്തിയശേഷം പുതിയ നടപടിക്രമം വല്ലതും സ്വീകരിച്ചിട്ടുണ്ടോ;

(സി) റിക്രൂട്ടുമെന്റു് പി. എസ്. സി. ക്കു് വിട്ടുകൊടുക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ, ബി) കോമൺസർവ്വീസു് നിലവിൽ വരുന്നതിനുമുമ്പുള്ള കാലങ്ങളിൽ മുൻസിപ്പാലിറ്റികളിലേക്കും, കോർപ്പറേഷനുകളിലേക്കും നിയമനത്തിനു് ആളുകളെ തിരഞ്ഞെടുത്തിരുന്നതു് എംപ്ലായ്മെന്റു് എക്സ്ചേഞ്ചു് മുഖാന്തിരമായിരുന്നു. കമ്മീഷണർമാരായിരുന്നു തിരഞ്ഞെടുപ്പും നിയമനവും നടത്തിയിരുന്നതു്. എന്നാൽ കോമൺസർവ്വീസു് നിലവിൽവന്നശേഷം ഡെവലപ്പ്മെന്റു് സെക്രട്ടറി ചെയർമാനായുള്ള ഒരു തിരഞ്ഞെടുപ്പു് കമ്മിറ്റിയാണു് ആളുകളെ തിരഞ്ഞെടുക്കുന്നതു്.

(സി) റിക്രൂട്ടുമെന്റു് പി. എസ്. സി. ക്കു് വിട്ടുകൊടുക്കുവാൻ ഗവണ്മെന്റു് ആലോചിക്കുന്നുണ്ടു്. അതിനാവശ്യമായ നിയമനിർമ്മാണത്തിനു് താമസിയാതെ നടപടികൾ എടുക്കുന്നതാണു്.

ബീഡി സഹകരണസംഘങ്ങൾ

34. [267] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

ദിനേശു് ബീഡി നിർമ്മിക്കുന്ന മലബാറിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ലാഭകരമാണോ?

ഉത്തരം

ദിനേശ്ബീഡി നിർമ്മിക്കുന്ന കണ്ണൂരിലെ കേന്ദ്രസഹകരണ സംഘത്തിന്റെ പ്രവർത്തനം ലാഭകരമാണു്. ഇതിൽ അംഗത്വമുള്ള പ്രാഥമിക സംഘങ്ങളുടെ ലാഭനഷ്ടങ്ങളെക്കുറിച്ചു് വിലയിരുത്താനുള്ള സമയമായിട്ടില്ല.

കയർ വ്യവസായ വികസനം

35. [270] ശ്രീ. പി. എസ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

കയർ വ്യവസായ വികസനത്തിനുവേണ്ടി ഈ ഗവണ്മെന്റു് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം?

ഉത്തരം

സ്കീമിന്റെ ഒരു കോപ്പി മേശപ്പുറത്തു് വച്ചിട്ടുണ്ടു്.* കരടുപദ്ധതി നേരത്തെതന്നെ ഇവിടെ വിതരണം ചെയ്തിട്ടുള്ളതാണു്.

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly